## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം
## തിരുവനന്തപുരം

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- പഠനാവശ്യത്തിനുള്ള ശൂന്യവേതനാവധിക്കു ശേഷം ഡോ. പ്രിൻസി.കെ, ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) തസ്തികയിൽ ജോലിയിൽ പുന: പ്രവേശിപ്പിക്കുന്നതിനുള്ള നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. മേലെഴുത്ത് നം. ഇബിദ- 62740/21/ആ.വ.ഡ തീയതി 26.08.2021
2. ഡോ. പ്രിൻസി.കെ സമർപ്പിച്ച അപേക്ഷ തീയതി 15.08.2021

**ഉത്തരവ് നം. ഇ.എ1- 77643/2020/ആ.വ.ഡ തീയതി 29.09.2021**

പഠനാവശ്യത്തിനുള്ള ശൂന്യവേതനാവധിക്കു ശേഷം പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൾട്ടന്റായ ഡോ. പ്രിൻസി.കെ അവധി ക്രമപ്പെടുത്തുന്നതിനു വിധേയമായി ജോലിയിൽ പുന: പ്രവേശിപ്പിക്കുന്നതിന് പരാമർശ പ്രകാരം നിർദ്ദേശിച്ചിരിക്കുന്നു.

നിലവിൽ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ ഒഴിവില്ലാത്തതിനാൽ ഡോ. പ്രിൻസി.കെ യെ അവധി ക്രമപ്പെടുത്തുന്നതിനു വിധേയമായി **വയനാട് ജില്ലയിലെ മാനന്തവാടി ജില്ലാ ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റ് (റേഡിയോതെറാപ്പി/ റേഡിയോ ഡയഗ്നോസിസ്)** തസ്തികയിലേക്ക് നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഡോ. പ്രിൻസി.കെ 30.09.2021 തീയതിയ്ക്കകം ജോലിയിൽ പ്രവേശിച്ച ശേഷം, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ജോലിയിൽ പ്രവേശിക്കുന്നതിനു വേണ്ട നടപടി വയനാട് ജില്ലാ മെഡിക്കൽ ആഫീസർ സ്വീകരിക്കേണ്ടതാണ്.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് ജീവനക്കാരനും സ്ഥാപന മേധാവിയ്ക്കും ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്.

**ഒപ്പ്**
**ഡോ. വി.ആർ.രാജു**
**അഡീഷണൽ ഡയറക്ടർ (പ്ലാനിംഗ്)**
**ആരോഗ്യവകുപ്പ് ഡയറക്ടർ ഇൻ ചാർജ്ജ്**

സ്വീകർത്താവ്
ഡോ. പ്രിൻസി.കെ, ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്)

പകർപ്പ്:
1. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), വയനാട്
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
3. സൂപ്രണ്ട്, ജില്ലാ ആശുപത്രി മാനന്തവാടി, വയനാട്
4. സൂപ്രണ്ട്, ഇ.ബി.സെക്ഷൻ
4. ഫയൽ/ കരുതൽ ഫയൽ.

**//അംഗീകാരത്തോടെ//**

**സീനിയർ സൂപ്രണ്ട്**